**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

# സിവിൽ പോലീസ് ഓഫീസർമാരുടെ നിയമനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 78.    03/02/2020-ൽ മറുപടിക്ക്**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സിവിൽ പോലീസ് ഓഫീസർമാരുടെ 657/2017 കാറ്റഗറി നമ്പറായുള്ള കേരള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എത്ര ഉദ്യോഗാർഥികൾക്ക് നിയമനം നൽകിയെന്ന് അറിയിക്കാമോ; | (എ) | സിവിൽ പോലീസ് ഓഫീസർമാരുടെ 657/2017 കാറ്റഗറി നമ്പറായുള്ള കേരള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ 2971 ഉദ്യോഗാർത്ഥികളുടെ അഡ്വൈസ് ലഭിച്ചിട്ടുണ്ട്. ടി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ ഉദ്യോഗാർഥികളുടെ നിയമന കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള സാങ്കേതികമായ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | ക്രൈം കേസ് നിലനിൽക്കുന്നവർക്ക് ചട്ടങ്ങൾക്ക് വിധേയമായി മാത്രമേ നിയമനം നൽകാനാവൂ. മറ്റുള്ളവർക്ക് നിയമനം നൽകുന്നതിൽ സാങ്കേതിക പ്രശ്നങ്ങൾ നിലവിലില്ല. |
| (സി) | ഉണ്ടെങ്കിൽ, സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് ഈ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ ; | | |
| (ഡി) | ഇടുക്കി, കോട്ടയം ജില്ലകളിൽ സിവിൽ പോലീസ് ഓഫീസർമാരുടെ നിലവിലുള്ള ഒഴിവുകളുടെ എണ്ണം അറിയിക്കാമോ; | (ഡി) | ഇടുക്കി ജില്ലയിൽ 94 ഒഴിവുകളും, കോട്ടയം ജില്ലയിൽ 38 ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഇ) | നാമമാത്രമായ നിയമനം നടന്നിട്ടുള്ള ഈ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർഥികൾക്ക് പ്രത്യേക പരിഗണന നൽകി എസ്.ഐ.എസ്.എഫ്. പോലുള്ള പ്രത്യേക പോലീസ് സേനാവിഭാഗങ്ങളിലേക്ക് നിയമിക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിക്കുമോ? | (ഇ) | മുൻ റാങ്ക് ലിസ്റ്റിലുള്ളവരും, നിലവിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരും ഒഴിവുകളിൽ അവകാശം ഉന്നയിച്ച് കോടതി വ്യവഹാരങ്ങൾ ഫയൽ ചെയ്തിട്ടുള്ളതിനാൽ നിലവിൽ നിയമന നടപടികൾ സ്വീകരിക്കുന്നതിന് തടസം നേരിടുന്നുണ്ട്. ഇവ പരിഹരിക്കുന്നതിന് ശക്തമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ